2. രാമമംഗലം-മേമുറി(ഭാഗികം) വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി.

3. തിരുമാറാടി-ഓണക്കൂർ-മേമുറി (ഭാഗികം) എന്നീ വില്ലേജുകൾക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

(ബി) അവ യഥാക്രമം 1-5-1993, 5-8-1995, 3-4-1992 എന്നീ തീയതികളിൽ കമ്മീഷൻ ചെയ്തു.

(സി)

1. മണീട്-മുളന്തുരുത്തി-പഞ്ചായത്ത് -37500 പേർക്കും

2. രാമമംഗലം-മേമുറി (ഭാഗികം) 20745 പേർക്കും

3. തിരുമാറാടി-ഓണക്കൂർ-മേമുറി (ഭാഗികം) 38946 പേർക്കും

(ഡി)

1. മണീട്-മുളന്തുരുത്തി - 131.67 ലക്ഷം രൂപ

2. രാമമംഗലം-മേമുറി (ഭാഗികം) - 39.20 ലക്ഷം രൂപ

3. തിരുമാറാടി-ഓണക്കൂർ-മേമുറി (ഭാഗികം) - 123.86 ലക്ഷം രൂപ.

## കുടിവെള്ളം എത്തിക്കുവാൻ നടപടി

**48(254)** ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർക്കുന്നം, കൂരോപ്പട, പാമ്പാടി, മീനടം എന്നീ പഞ്ചായത്തുകൾക്ക് മീനച്ചലാറ്റിൽ നിന്നും കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കീമിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ സ്കീം എപ്പോൾ തുടങ്ങി എന്നും എപ്പോൾ പൂർത്തികരിക്കുവാനാണ് നിശ്ചയിച്ചിരുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) ലക്ഷ്യമിട്ടിരുന്ന സമയത്ത് ഈ സ്കീം പൂർത്തികരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ സ്കീം എപ്പോൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) പുതിയ ലക്ഷ്യം നേടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ശുദ്ധീകരിക്കാത്ത വെള്ളം വിതരണം ചെയ്യുവാൻ എപ്പോൾ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ജലശുദ്ധീകരണശാല, കോയിത്താനം എന്ന സ്ഥലത്തുള്ള ഭൂതലജലസംഭരണി, വിതരണശൃംഖലയുടെ 15% ജോലികൾ എന്നിവയാണ് ഇനി തീരാനുള്ള പണികൾ. ഇതിൽ ജലശുദ്ധീകരണശാലയുടെയും ഭൂതലജല സംഭരണിയുടേയും ടെണ്ടർ ദക്ഷിണമേഖലാ ചീഫ് എൻജിനീയറുടെ ആഫീസിൽ പരിശോധനയിലാണ്. മേൽപ്പറഞ്ഞവ ഒഴികെയുള്ള മുഖ്യജോലികളെല്ലാം തീർന്നിട്ടുണ്ട്.

(ബി) കിണറിന്റേയും പമ്പുഹൗസിന്റെയും പണികളും, പമ്പും മോട്ടറും ഘടിപ്പിക്കുന്ന പണികളും ഇതിലേക്കാവശ്യമായ ചില ഗ്യാപ്പ് പണികളും അപ്രതീക്ഷിതമായി നീണ്ടുപോയതുകാരണമാണ് ശുദ്ധീകരിക്കാത്ത ജലം ക്ലോറിനേഷൻ ചെയ്ത് വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നത്.

(സി) ഈ പദ്ധതി 1988-ൽ ആരംഭിച്ചു. 1992 മാർച്ചുമാസത്തിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിക്കുന്നത്.

(ഡി) കിണറിന്റേയും, പമ്പുഹൗസിന്റെയും വിതരണ ശൃംഖലയുടെയും പണികൾ ഏറ്റെടുത്ത കരാറുകാർ ഇടയ്ക്ക് വച്ച് പണി ഉപേക്ഷിച്ചുപോയതിനാൽ ശേഷിക്കുന്ന പണികൾ വീണ്ടും ടെണ്ടർ ചെയ്ത് പുതിയ കരാറുകാർക്ക് നൽകേണ്ടി വന്നു. ജലശുദ്ധീകരണശാലയുടെ പണി ആദ്യം ഏറ്റെടുത്ത സ്ഥാപനം പിന്നീടതിൽ നിന്നും പിൻമാറുകയും വീണ്ടും അതിനുവേണ്ടി ടെണ്ടർ ചെയ്തപ്പോൾ ലഭിച്ച് സിംഗിൾ ഓഫർ സ്വീകാര്യമല്ലാതിരുന്നതിനാൽ തള്ളുകയും ചെയ്തു. ഇപ്പോൾ വീണ്ടും ടെണ്ടർ ചെയ്തു കിട്ടിയ ഓഫറുകൾ വാട്ടർ അതോറിറ്റി ഓഫീസിൽ പരിശോധനയിലാണ്. പൈപ്പിന്റെ ലഭ്യതക്കുറവുമൂലം വിതരണശൃംഖലയുടെ ശേഷിക്കുന്ന പണികൾക്കും കാല താമസം നേരിടുന്നുണ്ട്. ഇവയൊക്കെക്കൊണ്ടാണ് ലക്ഷ്യമിട്ടിരുന്ന സമയത്ത് ഈ സ്കീം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

(ഇ) 3/2002-ൽ

(എഫ്) ജലശുദ്ധീകരണശാലയുടേയും, കോയിത്താനം ഭൂതല ജലസം ഭരണിയുടെയും പണികൾക്കുള്ള ടെണ്ടർ പരിശോധനയിലാണ്. വാഴപ്പറമ്പ്, പമ്പുഹൗസിലേക്ക് വിദ്യുച്ഛക്തി കണക്ഷൻ ലഭ്യമാക്കുന്നതിന് 4,85,000 രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ മറ്റു ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു.

(ജി) ഈ പദ്ധതിയിൽ നിന്നും വാഴപ്പറമ്പ് ഉന്നതതല ജലസംഭരണിയിലേക്ക് ശുദ്ധീകരിക്കാത്ത ജലം ക്ലോറിനേഷൻ നടത്തി പമ്പ് ചെയ്ത്, വാഴപ്പറമ്പ് ഭാഗങ്ങളിൽ 2001 ജനുവരിമാസം പകുതിയോടുകൂടി വിതരണം ചെയ്യാൻ വേണ്ടി പണികൾ ധൃതഗതിയിൽ നടന്നുവരുന്നു. കിണറ്റിൽ നിന്നുള്ള പമ്പിംഗ് ഈ മാസം തന്നെ തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly